## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 764** **29.10.2019 -ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി മണ്ഡലത്തിലെ റിവർ ക്രൂയിസ് പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ മലനാട്-നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയിലും സ്വദേശ് ദർശൻ പദ്ധതിയിലും ഉൾപ്പെടുത്തി നടത്തുന്ന പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ? | • മലനാട് റിവർ ക്രൂയിസ് ടൂറിസം സംസ്ഥാന പദ്ധതിയിൽപ്പെട്ട പഴയങ്ങാടി ബോട്ട് ടെർമിനൽ പ്രവർത്തി അന്തിമ ഘട്ടത്തിലാണ്. 95% നിർമ്മാണവും പൂർത്തീകരിച്ചതായി നിർവ്വഹണ ഏജൻസിയായ ഉൾനാടൻ ജല ഗതാഗത വകുപ്പ് അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ സ്ഥല ലഭ്യതയ്ക്കുള്ള മാടായി പഞ്ചായത്ത് റെസലൂഷൻ ലഭിച്ചിട്ടുണ്ട്. നിയന്ത്രിതാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>• സ്വദേശ് ദർശൻ സ് കീം - മലനാട് റിവർ ക്രൂയിസ് ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടില്ല. ജെട്ടി/ടെർമിനൽ എന്നിവയുടെ നിർവ്വഹണ ഏജൻസി ഉൾനാടൻ ജലഗതാഗത വകുപ്പും മറ്റ് അനുബന്ധ പ്രവർത്തികൾ കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിങ് കമ്പനി ലിമിറ്റഡ് (KEL) മാണ് ഏറ്റെടുത്തിട്ടുള്ളത്.<br>• ഡി പി ആർ പ്രകാരം പഞ്ചായത്ത്/പൊതുസ്ഥലങ്ങളിലാണ് മിക്ക പ്രവർത്തികളും വിഭാവനം ചെയ്തതെങ്കിലും യാഥാർത്ഥത്തിൽ പദ്ധതികളിലെ പല ഘടകങ്ങളും സ്വകാര്യ സ്ഥലത്തും കൂടി ഉൾപ്പെടുന്നതായി ബോധ്യപ്പെടുകയുണ്ടായി. മാട്ടൂൽ പഞ്ചായത്തിൽ തെക്കുമ്പാട് പ്രദേശത്തെ 2.5 കിമി സ്ഥലം അമ്പതോളം സ്വകാര്യ വ്യക്തികളുടെ റീലിങ്കിഷ്മെന്റ് വേണ്ടി വരുന്നതിനാലും ടി പ്രദേശത്ത് റീ സർവ്വേ നടക്കാത്തതിനാലും സ്ഥലം സബ് ഡിവിഷൻ ചെയ്ത് ബൗണ്ടറി തിട്ടപ്പെടുത്താൻ കഴിയാത്തതിനാൽ സർവ്വേ & ലാൻഡ് റെക്കോർഡ് വകുപ്പ് സർവ്വേ നടത്തി അളന്ന് തിട്ടപ്പെടുത്താൻ വില്ലേജ് ഓഫീസർ ആവശ്യപ്പെടുകയുണ്ടായി. അതിൻ പ്രകാരം ജില്ലാ സർവ്വെ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ സർവേ നടപടികൾ പുരോഗമിച്ചുവരികയുമാണ്. |

- പദ്ധതിയുടെ സ്ഥല ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സ്ഥലം സംബന്ധിച്ച നിയന്ത്രിതാനുമതി ടൂറിസം വകുപ്പിന് നൽകികൊണ്ടുള്ള ഗ്രാമ പഞ്ചായത്ത് പ്രമേയങ്ങൾ ഏതാണ്ട് എല്ലാ പഞ്ചായത്തുകളിൽ നിന്നും ലഭിച്ചിട്ടുണ്ട്. ലഭ്യമായ പഞ്ചായത്ത് ഭരണസമിതി പ്രമേയങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിയ്ക്ക് ആവശ്യമായ സ്ഥലത്തിനുള്ള നിയന്ത്രിതാനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- പട്ടുവം പഞ്ചായത്തിലെ മംഗലശ്ശേരി ബോട്ട് ടെർമിനൽ & മുതുകട ബോട്ട് ജെട്ടി, ചെറുകുന്ന് പഞ്ചായത്തിലെ താവം ബോട്ട് ജെട്ടി, മാട്ടൂൽ പഞ്ചായത്തിലെ മാട്ടൂൽ നോർത്ത് ബോട്ട് ജെട്ടി, മാട്ടൂൽ സൗത്ത് ബോട്ട് ജെട്ടി & തെക്കുമ്പാട് ബോട്ട് ടെർമിനൽ എന്നിവയ്ക്കുള്ള പഞ്ചായത്ത് പ്രമേയം ലഭിച്ചിട്ടുണ്ട്. മടക്കര ബോട്ട് ജെട്ടി സ്ഥലം ആർക്കിടെക്ട് സ്ഥല ലഭ്യത ഉറപ്പ് വരുത്തി വേർതിരിക്കേണ്ടതുണ്ട്.
- ചെറുകുന്ന് പഞ്ചായത്തിലെ മുട്ടിൽ ബോട്ട് ജെട്ടി & ചെറുകുന്ന് ബോട്ട് ജെട്ടി, മാട്ടൂൽ പഞ്ചായത്തിലെ മാട്ടൂൽ നോർത്ത് ബോട്ട് ജെട്ടി എന്നിവിടങ്ങളിൽ സ്വകാര്യ സ്ഥലം റീലിങ്ക്വിഷ്മെന്റ് നടപടികൾ പൂർത്തീകരിക്കേണ്ടതാണ്. ആയതിന്റെ സർവ്വേ നടപടികൾ നടന്നുവരികയാണ്.
- കേന്ദ്ര/സംസ്ഥാന മലനാട് റിവർ ക്രൂയിസ് ടൂറിസം പദ്ധതിയ്ക്ക് ആവശ്യമായ CRZ ക്ലിയറൻസിനു വേണ്ടി അപേക്ഷിക്കു ന്നതിനായി കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന് (KSINC) ടൂറിസം വകുപ്പ് വർക്ക് ഓർഡർ നൽകുകയും CRZ clearance ലഭ്യമാകുന്നത് വരെ നിർമ്മാണ പ്രവർത്തി ആരംഭിക്കാത്ത പദ്ധതികൾ നിർത്തിവയ്ക്കാൻ ഇൻലാന്റ് നാവിഗേഷൻ വകുപ്പിന് ടൂറിസം വകുപ്പ് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ